PROCEEDINGS
OF THE KERALA LEGISLATIVE ASSEMBLY

First Session—1970

Friday, the 23rd January, 1970

Vol. XXVI] **OFFICIAL REPORT** **[No. 10**

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Friday, the 23rd January 1970 with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted Questions for the session)

ORAL ANSWERS

മി. സ്പീക്കർ : ഓർഡർ, ഓർഡർ. ചോദ്യം 292 12-1-70-ൽ ഇതു പോലുള്ള ചോദ്യത്തിന് മറുപടി പറഞ്ഞിട്ടുണ്ട്.

ശ്രീ. മുസ്തഫാ കെമാൽ : ഇ. എഫ് എന്നീ ചോദ്യങ്ങൾക്ക് ഉത്തരം നൽകിയിട്ടില്ല.

മി. സ്പീക്കർ : വിശദമായി ഉത്തരം പറഞ്ഞതാണ്. പോരാത്തതിന് ഇതിനെപ്പറ്റി ഒരു പ്രമേയവും വരുന്നുണ്ട്.

ഭൂമി പട്ടയം നൽകൽ

* 73. (293) ശ്രീ. കെ. ഐ. രാജൻ
,, ടി. കെ. രാമകൃഷ്ണൻ
,, മുസ്തഫാ കെമാൽ
,, എസ്. ദാമോദരൻ
,, വി. ശ്രീധരൻ
,, എൻ. വാസുദേവൻ പിള്ള
,, പി. പി. കൃഷ്ണൻ
,, എ. എസ്. പുരുഷോത്തമൻ
,, എം. കെ. കൃഷ്ണൻ
,, സി. ബി. ചന്ദ്രശേഖര വാര്യർ
,, കെ. ചാത്തുണ്ണി മാസ്റ്റർ
,, ജി. ഗോപിനാഥൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റു നിലവിൽ വന്നതിനുശേഷം എത്രപേർക്ക് ഭൂമി പതിച്ചു പട്ടയങ്ങൾ നൽകുകയുണ്ടായി ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ സ്ഥിരം പട്ടയങ്ങളെത്ര ; എവിടെയെല്ലാം ;

(സി) ഇങ്ങനെ പട്ടയം കൊടുക്കപ്പെട്ടതിൽ ഏറ്റവും കൂടിയ ഭൂമിയെത്ര യെന്നു വ്യക്തമാക്കുമോ ;

(ഡി) പട്ടയം കൊടുക്കപ്പെട്ടവരിൽ ഭൂരഹിതർ എത്ര ?

റവന്യൂമന്ത്രി (ശ്രീ. കെ. ടി. ജേക്കബ്) ; (എ ടു ഡി) വിവരം ശേഖരിച്ചു വരുന്നതേയുള്ളൂ.

ശ്രീ. കെ. ഐ. രാജൻ : എനിക്ക് ചില സപ്ളിമെന്ററി ക്വസ്റ്റ്യൻസ് ചോദിക്കാനുണ്ട്.

മി. സ്പീക്കർ : വിവരം ശേഖരിച്ചുവരുന്നു എന്നല്ലേ പറഞ്ഞത്.

ശ്രീ. കെ. ഐ. രാജൻ : പട്ടയം കൊടുക്കാൻ മുൻ ഗവൺമെൻറ് തീരുമാനിച്ചിരുന്നോ ; ആ ഗവൺമെൻറ് ആർക്കെങ്കിലും സ്ഥിരം പട്ടയം കൊടുത്തിരുന്നോ ?

ശ്രീ. കെ. ടി. ജേക്കബ് : ഇല്ല.

ശ്രീ. കെ. ഐ. രാജൻ : നെടുങ്ങണ്ടത്തിൽ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിലും അങ്ങുംകൂടി പങ്കെടുത്തിരുന്ന യോഗത്തിൽ മലയോര കൃഷിക്കാർക്ക് സ്ഥിരപട്ടയം കൊടുത്തിരുന്നതായി അങ്ങ് ഓർക്കുന്നുണ്ടോ ?

ശ്രീ. കെ. ടി. ജേക്കബ് : സ്ഥിരപട്ടയമെന്ന പേരിലായിരുന്നില്ലെങ്കിലും നിയമപ്രകാരം സ്ഥിരം പട്ടയമായിരുന്നില്ല. എന്താണ് കാരണമെന്നു പറഞ്ഞാൽ ലാൻറ് അസൈൻമെൻറ് റൂൾസിലെ സെക്ഷൻ 8-ലും, 9-ലും ഭേദഗതി കൊണ്ടുവരുത്തി അത് ഔദ്യോഗികമായി പബ്ലിഷ് ചെയ്യാതെ ഈ ഭൂമി സ്ഥിരം പട്ടയം ആകുകയില്ല. സ്ഥിരാവകാശം എന്നു പറഞ്ഞാൽ അത് എലിമെനേറ്റു ചെയ്യാനും ഇൻഹെരിറ്റു ചെയ്യാനുമുള്ള അവകാശമുണ്ടെങ്കിൽ മാത്രമേ ആകുകയുള്ളൂ. അന്നു നിലവിലിരുന്ന ചട്ടങ്ങളിൽ അതില്ലായിരുന്നു. 10 വർഷത്തേക്കുമാത്രം കൈവശം വയ്ക്കാമെന്നും, അന്യാധീനപ്പെടുത്താനോ, കൈമാറ്റം ചെയ്യാനോ വ്യവസ്ഥയില്ലായിരുന്നു. അതിൻറെ അടിസ്ഥാനത്തിൽ കൊടുത്ത പട്ടയങ്ങളും സ്ഥിരപട്ടയം എന്നൊക്കെ പറഞ്ഞ് കൊടുത്തിരുന്നില്ലെങ്കിലും ഭേദഗതി വരുത്താത്തതുമൂലം സ്ഥിരം പട്ടയം ആയിരുന്നില്ല. ഈ ഗവൺമെൻറു വന്നതിനുശേഷം കഴിഞ്ഞ നവംബർ 24-ാംതീയതി അസാധാരണ ഗസറ്റായി പ്രസിദ്ധപ്പെടുത്തിക്കൊണ്ട് ഒരു ഓർഡിനൻസുമൂലം പട്ടയങ്ങളും സ്ഥിരപ്പെടുത്തി കൊടുത്തതാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സ്ഥിരം പട്ടയം എത്ര കൊടുത്തു എന്ന ചോദ്യത്തിന് വിവരം ശേഖരിച്ചുവരുന്നു എന്നു പറഞ്ഞു. പത്രത്തിൽ കുറെ കണക്കുകളും ഉണ്ടായിരുന്നു. ആ കണക്കെങ്കിലും ഒന്നു വ്യക്തമാക്കാമോ ; അങ്ങു കൊടുത്തിട്ടുള്ള കണക്കല്ലേ അത് ?

ശ്രീ. കെ. ടി. ജേക്കബ് : ഞാൻതന്നെ അതിൻറെ വിതരണ ചടങ്ങിൽ സംബന്ധിച്ചതായ വിവരം വച്ചുകൊണ്ട് പറഞ്ഞതാണ്. സഭയിൽ തരാൻ വളരെ കൃത്യമായ കണക്കില്ലാത്തതുകൊണ്ടാണ് പറയാത്തത്. ഏതാണ്ട് അൻപതിനായിരത്തോളം ആളുകൾക്ക് സ്ഥിരം പട്ടയം നൽകിക്കഴിഞ്ഞിട്ടുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സ്ഥിരം പട്ടയം നൽകിയതിൽ വളരെ അധികം ഭൂമിയുള്ളവർക്ക് എത്ര കൊടുത്തിട്ടുണ്ടെന്നു പറയാമോ ; അതല്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴും വളരെയധികം ഭൂമി കൈവശമുള്ള ആളുകൾക്കും സ്ഥിരം പട്ടയം കൊടുത്തിട്ടുണ്ടോ ?

ശ്രീ. കെ. ടി. ജേക്കബ് : പലപ്പോഴും ഉന്നയിച്ചിട്ടുള്ള പ്രശ്നമായതു കൊണ്ട് ഈ സഭയുടെയും ബഹുമാനപ്പെട്ട മെമ്പറൻമാരുടെയും അറിവിനായി ലാൻറ് അസൈൻമെൻറ് റൂളിലെ ചട്ടമെന്താണെന്നു വായിക്കാം. ഭൂമിപതിവു ചട്ടപ്രകാരം സമതലങ്ങളിൽ ഒരു കുടുംബത്തിനു കൃഷിക്കായി അനുവദിക്കാവുന്ന 'അൺഓക്കുപ്പൈഡ് ലാൻറ്സ്' (unoccupied lands) വെറുതായാലും ഡ്രൈ ആയാലും ഒരേക്കറാണ്. എന്നാൽ കുന്നിൻപ്രദേശങ്ങളിൽ ഇത് ഒരേക്കർ വെറ്റ് ലാൻഡിലോ അല്ലെങ്കിൽ മൂന്നേക്കർ ഡ്രൈലാൻഡിലോ കൂടുവാൻ പാടുള്ളതല്ല. നിലവിലുള്ളതോ സമയം കഴിഞ്ഞതോ ആയ പാട്ടവ്യവസ്ഥയിൽ കൈവശമുള്ള ഭൂമിയോ 'ഒബ്ജക്ഷനബിൾ' അല്ലാത്ത കയ്യേറ്റത്തിലുള്ള ഭൂമിയോ വാല്യൂവബിൾ ഇംപ്രൂവ്മെൻറ് ഒന്നും ചെയ്തിരിക്കാതിരിക്കുന്നപക്ഷം സമതലങ്ങളിൽ ഒരേക്കർ വെറോ ഡ്രൈയോ ആയ ഭൂമിയും കുന്നിൻപ്രദേശങ്ങളിൽ ഒരേക്കർ വെറ്റ് ലാൻഡോ അല്ലെങ്കിൽ മൂന്നേക്കർ ഡ്രൈലാൻഡോ കൊടുക്കാം. ഓക്കുപ്പേഷനിലുള്ള ഭൂമികളിൽ വാല്യൂവബിൾ ഇംപ്രൂവ്മെൻറ് ഉള്ളവയിലാണെങ്കിൽ രണ്ടേക്കർ വെറുലാൻഡോ ഡ്രൈലാൻഡോ സമതലങ്ങളിലും രണ്ടേക്കർ വെറ്റ്ലാൻഡോ നാലേക്കർ ഡ്രൈ ലാൻഡോ കുന്നിൻപ്രദേശങ്ങളിലും കൊടുക്കാവുന്നതാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : കൈവശം സ്വന്തമായി ഭൂമിയും അതുപോലെതന്നെ ഈ കണക്കിൽ പറയുന്ന പട്ടയഭൂമിയും ഒരുമിച്ചുള്ളപ്പോഴും ഇത്തരം ആളുകൾക്ക് സ്ഥിരം പട്ടയം കൊടുത്തിട്ടുണ്ടോ ?

ശ്രീ. കെ. ടി. ജേക്കബ് : ഗവൺമെൻറിനറിവില്ല.

ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ : സ്ഥിരം പട്ടയം കൊടുത്തു എന്നു പറയുന്ന കൂട്ടത്തിൽ സർവ്വേയും സ്കെച്ചും മെഷർമെൻറും തയ്യാറാക്കി കഴിഞ്ഞിട്ടുണ്ടോ ; അതോ സർവ്വേയും മെഷർമെൻറും പൂർത്തിയാക്കാതെയാണോ ?

ശ്രീ. കെ. ടി. ജേക്കബ് : ഇപ്പോൾ സർവ്വേ ആൻറ് ഡീമാർക്കേഷൻ നടപടി അനുസരിച്ച് സർവ്വേ ചെയ്തിട്ടുള്ളതും അതുപോലെതന്നെ പ്രൊവിഷണൽ പട്ടയം കൊടുത്തിരുന്നതുമായ ഇത്തരം ഭൂമികൾക്ക് ലാൻഡ് അസൈൻമെൻറ് കമ്മിറ്റികൾ അംഗീകരിച്ചിട്ടുള്ള ഇത്തരം ഭൂമികൾക്കാണ് സ്ഥിരം പട്ടയം നൽകിവരുന്നത്.

ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ : പ്രൊവിഷണൽ പട്ടയം കൊടുത്തിരുന്നവർക്ക് സ്ഥിരം പട്ടയം കൊടുത്തു എന്നു പറഞ്ഞു. ഭൂമി സർവ്വേ നടത്തി സ്കെച്ചു തയ്യാറാക്കി ഫൈനലാക്കി ഇപ്രകാരം ഭൂമി സ്ഥാനനിർണ്ണയം നടത്തി കഴിഞ്ഞിട്ടുണ്ടോ ?

ശ്രീ. കെ. ടി. ജേക്കബ് : ഇങ്ങനെയുള്ള സ്കെച്ചും പ്ലാനും പൂർത്തിയാക്കേണ്ട ആവശ്യമില്ല. സ്ഥിരാവകാശം കൊടുക്കേണ്ടതിനെന്നാണ് ഗവൺമെൻറിൻെറ ഉദ്ദേശം.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ : ആവശ്യം ഉണ്ടോ എന്നല്ല ചോദ്യം. അങ്ങനെ ചെയ്തതാണോ എന്നാണ് ചോദ്യം ?

ശ്രീ. കെ. ടി. ജേക്കബ് : അതിനുള്ള പ്രോസസ് എടുത്തുവരികയാണ്. മിക്കവാറും സ്ഥലങ്ങളിൽ നടന്നുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മുസ്തഫാ കൊമാൽ : ബഹുമാനപ്പെട്ട മന്ത്രി ഏതാണ്ട് അൻപതിനായിരം സ്ഥിരം പട്ടയം കൊടുത്തു എന്നു പറഞ്ഞു. ഗവർണ്ണർ ചെയ്ത പ്രസംഗത്തിൽ ഇരുപതിനായിരം എന്നാണ് പറഞ്ഞത്. കൂടുതൽ മുപ്പതിനായിരം വന്നതു ശരിയായ വസ്തുതയാണോ ?

ശ്രീ. കെ. ടി. ജേക്കബ് : ഗവർണ്ണറുടെ പ്രസംഗം തയ്യാറാക്കിയ സമയത്ത് ഇരുപതിനായിരമായിരുന്നു. പിന്നൽവേഗത്തിലാണ് കൊടുത്തുകൊണ്ടിരുന്നത്.

ശ്രീ. എസ്. ദാമോദരൻ : പട്ടയം കൊടുക്കുമ്പോൾ തീരെ ഭൂമിയില്ലാത്തവർക്ക് മുൻഗണന നൽകി പരിധിയിൽ താഴെ ഭൂമിയുള്ളവർക്കു പട്ടയം കൊടുക്കുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുമോ ?

ശ്രീ. കെ. ടി. ജേക്കബ് : അതിനെപ്പറ്റി പരിശോധിക്കാവുന്നതാണ്.

ശ്രീ. എം. കെ. കൃഷ്ണൻ : കണ്ണാടി സർവ്വെ നടത്തി അതിനുശേഷം അതിന്റെ സ്കെച്ചു തയ്യാറാക്കി സ്ഥിരം പട്ടയം കൊടുത്താലേ അതിനു വാലിഡിറ്റി ഉള്ളൂ എന്ന കാര്യം ഗവൺമെന്റിനറിയാമോ ?

ശ്രീ. കെ. ടി. ജേക്കബ് : ഈ സർവ്വേ സംബന്ധിച്ചുള്ള ധാരണ സാങ്കേതികമായ വശത്തെസംബന്ധിച്ച് സർവ്വേ ഡിപ്പാർട്ടുമെന്റും റവന്യൂ ഡിപ്പാർട്ടുമെന്റും മറ്റ് അധികൃതമായി ഇതുസംബന്ധിച്ച് പരിശോധിക്കാൻ കഴിവുള്ള ഡിപ്പാർട്ടുമെന്റുകളുമായി ചർച്ച ചെയ്തതിനുശേഷം കേരളത്തിലെ ഭൂമിയുടെ സർവേ നടപടികളെസംബന്ധിച്ച് ഗവൺമെന്റ് ചില തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. ആ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ഫൈനൽ എന്നു പറയുന്ന സ്റ്റേജ് നടപ്പാക്കുക എന്നുപറഞ്ഞാൽ അതിന് അനവധി വർഷങ്ങൾ പിടിക്കും. അതുകൊണ്ട് പഴയ ധാരണ അനുസരിച്ചുള്ള കൃത്രിമമായ നടപടിക്രമം ഈ ഗവൺമെന്റ് അവലംബിക്കുന്നില്ല. കൃഷിക്കാർക്ക് ഭൂമി കിട്ടുക അത് സ്ഥിരപ്പെടുത്തി കൊടുക്കുക എന്നുള്ള അടിസ്ഥാനത്തിലാണ് ചെയ്യുന്നത്. എന്നാൽ തന്നെയും ആവശ്യമായ സർവേയുടെ അടിസ്ഥാനം ഉണ്ടായിരിക്കണമെന്ന നിർബന്ധം ഉള്ളതുകൊണ്ട് ഇന്നത്തെ സർവ്വേ സ്ഥിരപട്ടയം നൽകുന്നതിന് പര്യാപ്തമാണെന്നാണ് എന്റെ വിശ്വാസം.

ശ്രീ. എം. കെ. കൃഷ്ണൻ : എന്റെ ചോദ്യം സർക്കാരിന്റെ മനോദിഷ്ടമായ ആഗ്രഹത്തിന്റെ അടിസ്ഥാനത്തിലുള്ള കാര്യമല്ല. ഇന്നു നിലവിലുള്ള നിയമപ്രകാരം ഇങ്ങനെ കൊടുക്കുന്ന പട്ടയങ്ങൾക്ക് നിയമത്തിന്റെ വാലിഡിറ്റി ഉണ്ടോ എന്നുള്ളതാണ് ചോദ്യം.

ശ്രീ. കെ. ടി. ജേക്കബ് : നിയമത്തിന്റെ എല്ലാ സാധുതയുമുണ്ട് എന്ന് അധികൃതമായി ഞങ്ങൾ അംഗീകരിച്ചതിനുശേഷമാണ് കൊടുത്തുവരുന്നത്.

ശ്രീ. ജി. ഗോപിനാഥൻപിള്ള : പട്ടയം കൊടുത്തവർ എല്ലാപേരും ഭൂരഹിതരാണെന്നു പറയാമോ ; ഭൂരഹിതർക്കു മാത്രമാണോ സ്ഥിരം പട്ടയം കൊടുത്തിട്ടുള്ളത് ?

ശ്രീ. കെ. ടി. ജേക്കബ് : അല്ല. രൂപം എങ്ങനെയാണെന്നു ഞാൻ വായിച്ചു. എന്റെ പരിശോധനയിൽ അങ്ങനെ കൊടുത്തിട്ടുള്ളതിൽ ഭൂരിപക്ഷം ആളുകളും പതിനഞ്ചു സെന്റ്, 20 സെന്റ്, 50 സെന്റ് ഇത്തരത്തിലുള്ള ആളുകളാണ്. അപൂർവ്വം ചില കേസ്സുകളിൽ ഈ പട്ടയം ഒന്നും ഒന്നരയും ഏക്കർ കണ്ടു എന്നു വരും. എന്നാൽ മഹാഭൂരിപക്ഷം ആളുകളും, കായലോരപ്രദേശത്തും

LIBRARY ARCHIVES Kerala Legislative Assembly

എല്ലാമുള്ള ആളുകളും പണ്ടുകാലംമുതൽതന്നെ ഗവൺമെൻറു ഭൂമി കൈവശം വയ്ക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും അതു സ്ഥിരമായി കിട്ടിയിട്ടില്ലാത്തവരാണ്. പട്ടിക പരിശോധിച്ചപ്പോഴും ഭൂരഹിതർ തന്നെയാണ് മഹാ ഭൂരിപക്ഷവും.

ശ്രീ. ഈ. ചന്ദ്രശേഖരൻ നായർ : ലാൻഡ് അസൈൻമെൻറു റൂൾസ് അനുസരിച്ച് താൽക്കാലിക പട്ടയം കൊടുത്തിരിക്കുന്നവർക്കാണോ സ്ഥിരം പട്ടയം കൊടുത്തിട്ടുള്ളത് ; അതോ പുതുതായി ആണോ ?

ശ്രീ. കെ. ടി. ജേക്കബ് : ആദ്യമായി ലാൻഡ് അസൈൻമെൻറു റൂൾ വരുന്നത് 1958–ലാണ്. അതിനുശേഷമാണ് പ്രൊവിഷണൽ പട്ട കൊടുക്കാൻ ആരംഭിക്കുന്നത്. 1958 മുതൽ കൊടുത്തിരുന്നതായ ആളുകൾക്കെല്ലാം ഇന്നു സ്ഥിരമായി നൽകുകയാണ്. അതുപോലെതന്നെ പുതുതായി ആർക്കെങ്കിലും ഭൂമി കൊടുക്കുന്നതിനെസംബന്ധിച്ച് അതിനൊരു സ്കീമുണ്ട്. ഈ സ്കീമിൽ 3 വർഷം എന്നു വച്ചിട്ടുണ്ട്. വനഭൂമി വിതരണം നടത്താൻ അരബിന്ദോ ലാൻഡ് ഡിസ്ട്രിബ്യൂഷൻ സ്കീം എന്നൊരു സ്കീം ഉണ്ട്. അല്ലാതുള്ള ഭൂമികൾക്കെല്ലാം സ്ഥിരം പട്ടയം നൽകുകയാണ്. മഹാഭൂരിപക്ഷവും എന്നു തന്നെ പറയാം, നേരത്തേ പ്രൊവിഷണൽ പട്ട കൊടുത്തിരുന്നവർക്കെല്ലാം തീരാധാരം ചാർത്തിക്കൊടുക്കുകയാണ്.

ശ്രീ. പി. കെ. രാഘവൻ : വർഷങ്ങളായി കൈവശംവച്ചിട്ടുള്ള വനഭൂമികളുടെയും മറ്റും പട്ടയം കിട്ടാൻ വളരെ പ്രയാസമാണ്. ഇത്തരം ആളുകൾക്കു പട്ടയം കൊടുക്കാനുള്ള നടപടി ഈ ഗവൺമെൻറുഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ ?

ശ്രീ. കെ. ടി. ജേക്കബ് : അസൈൻ ചെയ്തുകൊടുക്കുന്നതിന് അസൈനബിൾ ലാൻഡ് എന്നുപറഞ്ഞ് ഒരു ലിസ്റ്റുണ്ട്. ഇനിയും അസൈനബിൾ ആക്കിത്തീർക്കേണ്ട വളരെക്കൂടുതൽ ഭൂമിയുണ്ടെന്നു ഗവൺമെൻറു മനസ്സിലാക്കുന്നു. സാങ്കേതിക കാരണങ്ങളെന്നുംപറഞ്ഞ് കുറെ ഭൂമി വിട്ടിട്ടുണ്ട്. അതെല്ലാം അസൈനബിൾ ആക്കാനുള്ള ഒരു ലിസ്റ്റു തയ്യാറാക്കാൻവേണ്ടി കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാപേർക്കും അസൈൻചെയ്തു കൊടുക്കേണ്ടതാണെന്നാണ് ഗവൺമെൻറിൻെറ അഭിപ്രായം.

ശ്രീ. കെ. എം. മാണി : ഇതിനകം ഉദ്ദേശം 50,000 പേർക്കു പട്ടയം കൊടുത്തുവെന്നു പറഞ്ഞു. ഇനി എത്രപേർക്ക് കൊടുക്കാൻ ഉദ്ദേശിക്കുന്നു, അതെത്ര കാലത്തിനകം പൂർത്തിയാക്കാൻ കഴുയുമെന്നാണ് ഗവൺമെൻറുദ്ദേശിക്കുന്നത് ?

ശ്രീ. കെ. ടി. ജേക്കബ് : ഏതാണ്ട് രണ്ടുലക്ഷത്തിനും രണ്ടര ലക്ഷത്തിനും മദ്ധ്യേയുള്ള പ്രൊവിഷണൽ പട്ട കിട്ടിയ ആളുകൾ സംസ്ഥാനത്തിലുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ഇപ്പോഴത്തെ പരിപാടിയനുസരിച്ച് ആറു മാസംകൊണ്ട് കൊടുത്തുതീർക്കണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്.

Shri U. P. Kunikullaya : Several assignments have been given under the Settlement Scheme in 1965-66, the condition being that the land should be improved within three years, otherwise the assignments are liable to be cancelled. Due to economic conditions and other difficulties, the assignees have not been able to effect any improvement. In Kasargode taluk there are a large number of such cases. Will Government be pleased to extend the scheme for some time more ?

LIBRARY ARCHIVES Kerala Legislative Assembly

Shri K. T. Jacob : That problem has come to the notice of the Government and Government proposes to extend that scheme for one year atleast.

ശ്രീ. ടി. എ. മജീദ്: സർ, മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുപാർട്ടിനേതാവായ എ. കെ. ഗോപാലൻ ചില സ്ഥലങ്ങളിൽ പട്ടയം കൊടുക്കുന്നതായി പത്രങ്ങളിൽ വാർത്ത കണ്ടു. എന്തിന്റെ പട്ടയമാണെന്നു ഗവൺമെൻറ് അന്വേഷിച്ചിട്ടുണ്ടോ ; ഭൂമിയുടെ പട്ടയമാണെങ്കിൽ അങ്ങനെ കൊടുക്കാൻ ഗവൺമെൻറു അദ്ദേഹത്തെ അധികാരപ്പെടുത്തിയിട്ടുണ്ടോ ?

ശ്രീ. കെ. ടി. ജേക്കബ് : ഗവൺമെൻറിനറിവില്ല. അതേസംബന്ധിച്ച വിവരം ഗവൺമെൻറിനില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : കണ്ണാടി സർവ്വേ നടത്താത്തതുകൊണ്ട് വാലിഡിറ്റി ഉണ്ടോ ഇല്ലയോ എന്നു പറയുന്നത് പഴഞ്ചൻ ധാരണയാണെന്നു പറഞ്ഞു. അങ്ങനെയാണെങ്കിൽ ഒരു തർക്കംവന്നാൽ, ഇത്തരത്തിലുള്ള സ്ഥിരം പട്ടയം കിട്ടിയിട്ടുള്ള ആളുകളുടെ അവകാശത്തർക്കം വന്നാൽ ഇന്ന ഭൂമിയുടെ പട്ടയമാണെന്നു സ്ഥാപിക്കാൻ പറ്റുന്ന നിലയ്ക്കു ഡീമാർക്കേറ്റു ചെയ്തു അതിനാവശ്യമായ നടപടിയെല്ലാം പൂർത്തിയാക്കാതെ കൊടുത്താൽ ഈ അവകാശത്തർക്കത്തിന്റെ കാര്യത്തിൽ ഒരു തീരുമാനമെടുക്കാൻ സാധിക്കാതെ വരുമെന്നുള്ളതല്ലേ ശരി; പഴഞ്ചൻ ധാരണ, ആധുനിക ധാരണ എന്നെല്ലാം പറഞ്ഞുകൊണ്ട് ഇക്കാര്യത്തിൽ ഗവൺമെൻറു ടെമ്പററി പട്ട എന്നുള്ളതു വെട്ടി സ്ഥിരം പട്ട എന്നാക്കുകയല്ലേ ചെയ്യുന്നത് ?

ശ്രീ. കെ. ടി. ജേക്കബ്: പണ്ട് രാമയ്യന്റെ കാലം മുതൽ ഇങ്ങോട്ടുള്ള സകല ഭൂമിയും, പണ്ടാരവക ഭൂമികളും എടുത്തു പരിശോധിച്ചാൽ അതെല്ലാം പെർഫക്ട് ആണെന്നാണോ ബഹുമാനപ്പെട്ട മെമ്പർ പറയുന്നത് ? അതിനെ സംബന്ധിച്ചെല്ലാം ധാരാളം കേസുകളും സിവിൽ കോടതികളിൽ നിലവിലുണ്ട്. കണ്ണാടിസർവ്വേയോ മറേതെങ്കിലും സർവ്വേയോ സർവ്വേ സംബന്ധിച്ച അവസാന വാക്കല്ലെന്നു നിരവധി കമ്മിഷൻ റിപ്പോർട്ടുകളും സ്ഥാപിച്ചിട്ടുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അപ്പോൾ ഈ പറഞ്ഞതിന്റെ അർത്ഥം രാമയ്യന്റെ കാലത്തുള്ള പഴഞ്ചൻ ഏർപ്പാടുകളും തന്നെയാണു തുടരുന്നതെന്നാണ്: അതിലും ഇതിലും കുഴപ്പമുണ്ടായിട്ടുണ്ടെന്നാണ്.

ശ്രീ. കെ. ടി. ജേക്കബ്: പ്രൊവിഷണൽ പട്ട കൊടുക്കുന്നതിനുവേണ്ടി നടത്തിയിട്ടുള്ള സർവ്വേ എന്നു പറയുന്നത് യഥാർത്ഥത്തിൽ സർവ്വേ ആൻറ് ഡീമാർക്കേഷൻ ആക്ടിന്റെ പരിധിയിലുള്ള നടപടി തന്നെയാണ്. അതിന് ഹെഡ് ഓഫ് ദി സർവ്വേ ഡിപ്പാർട്ടുമെൻറ് ഫൈനൽ എൻഡോഴ്സ്മെൻറ് ചെയ്യണമെന്ന വ്യവസ്ഥയുണ്ട്. അതു ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഈ സർവ്വേ ലീഗലാണ്, വാലിഡാണ്, സ്റ്റാൻഡിംഗാണ്.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: സർവ്വേ നടപടിക്രമങ്ങളൊന്നും സ്വീകരിക്കാതെ സ്ഥിരം പട്ടയം എന്നു പറഞ്ഞുകൊടുക്കുന്ന ഏർപ്പാടുകൊണ്ടോണോ ഇതിനു മുൻപ് പട്ടയം എന്നു പറഞ്ഞിരുന്നതിന് ഇപ്പോൾ പട്ട എന്നു വിളിക്കുന്നത് ?

(ഉത്തരമില്ല)

ശ്രീ. കെ. എ. ശിവരാമഭാരതി: പട്ടയം കൊടുക്കുന്നതിന്റെ തിരക്കിൽ പലയാളുകളെയും ഒഴിപ്പിച്ചെടുക്കാൻ ഗവൺമെൻറു ശ്രമിക്കുന്നതായി മനസി

LIBRARY ARCHIVES Kerala Legislative Assembly

ലാക്കാൻ കഴിഞ്ഞിട്ടുണ്ട്. പത്തുപതിനഞ്ചു കൊല്ലമായി താമസിക്കുന്ന ആളുകളും ചിറയൂർ പ്രദേശത്തുണ്ട്. അക്കാര്യങ്ങളെ സംബന്ധിച്ചിടത്തോളം അവർക്കു കൂടി സ്ഥിരം പട്ടയം കൊടുക്കാനുള്ള നടപടി സ്വീകരിക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. കെ. ടി. ജേക്കബ്: ഇക്കാര്യത്തിൽ ഗവൺമെൻറ് ലാൻഡ് കൈവശമുള്ള സർവ്വ ആളുകൾക്കും സ്ഥിരമായി അവകാശം ചാർത്തിക്കൊടുക്കണമെന്നാണ് ഗവൺമെൻറിന്റെ ഉദ്ദേശം. എന്തുകൊണ്ടെന്നാൽ ഭൂപരിഷ്ക്കരണ ഭേദഗതി ബിൽ പാസായപ്പോഴും ഒരു കുടികിടപ്പുകാരനു 10 സെൻറ് വിലയ്ക്കു വാങ്ങിക്കാനുള്ള അവകാശമുണ്ടെങ്കിൽ കാലാകാലമായി തലമുറകളായി ഗവൺമെൻറു ഭൂമിയിൽ കുടിയേറിപ്പാർത്തും കൈവശംവച്ചും ഭോഗണ്ഡം ചെയ്തും വന്ന ആളുകൾക്ക് ഇന്നു ഭൂമിയിൽ സ്ഥിരാവകാശം ലഭിച്ചില്ലെങ്കിൽ കൈമാറ്റം ചെയ്യാനോ ഈടുവയ്ക്കാനോ ബാങ്കിൽനിന്നു പണം വാങ്ങിക്കാനോ സൗകര്യമില്ലാത്തതുകൊണ്ട് ഇനിമേലിൽ ഗവൺമെൻറു പർപ്പസ്സിനു നിശ്ചയിച്ചിട്ടുള്ളതായ സ്ഥലം ഒഴിച്ചു ബാക്കി അസൈനബിളായിട്ടുള്ളതു കൊടുക്കും. അവർ രണ്ടാംതരം പൗരൻമാരായി ഈ സംസ്ഥാനത്തു ഉണ്ടായിക്കൂടാ എന്നുള്ളതു തന്നെയാണ്. അതിനുവേണ്ടി വളരെ വേഗത്തിലുള്ള നടപടികളാണ് ഈ ഗവൺമെൻറു സ്വീകരിച്ചുവരുന്നത്.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു 50,000 ഏക്കറോളം വിതരണം ചെയ്തുവെന്ന്. എന്നാൽ തിരുവനന്തപുരം ജില്ലയെ സംബന്ധിച്ചിടത്തോളം ഇതുവരെ ഈ പട്ടയവിതരണത്തെ സംബന്ധിച്ച് ഗവൺമെൻറ് എന്താണ് നടപടി സ്വീകരിക്കാത്തത്; ഇനി എന്നാണ് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നത്, എന്താണ് ഗവൺമെൻറിന്റെ നിലപാട് എന്നു വ്യക്തമാക്കാമോ ?

ശ്രീ. കെ. ടി. ജേക്കബ്: സമയക്കുറവുകൊണ്ടാണ് തിരുവനന്തപുരം ജില്ലയിൽ ഈ നടപടി ആരംഭിക്കാൻ താമസിച്ചത്; നടപടി നടക്കുന്നുണ്ട്, പക്ഷേ എല്ലാപേരും അറിഞ്ഞിരിക്കാൻ സാധിച്ചിട്ടില്ല. ഈ മാസം 28-ാം തീയതി കാണിപ്പറ എന്നുപറയുന്ന ഗവൺമെൻറ് ഭൂമി കൈവശം വച്ചിട്ടുള്ളവർക്ക്—5000 പേർക്ക്—സ്ഥിരം പട്ടയം കൊടുക്കാൻ പോകുകയാണ്. ബഹുമാനപ്പെട്ട മെമ്പറുടെ നെടുമങ്ങാടു നിയോജകമണ്ഡലത്തിൽ നാലായിരം പേർക്ക് ഈ മാസം 26-ാം തീയതി നൽകുകയാണ്. തിരുവനന്തപുരം പട്ടണത്തിലെ ഹരിജനങ്ങൾക്ക് 5000 പേർക്കു നൽകുകയാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: സർവ്വേയും ഡീമാർക്കേഷനും ഒന്നും ആവശ്യമില്ലാത്ത കല്ലാർ പട്ടം കോളനി നിവാസികൾക്ക് കിട്ടുന്നില്ല. കല്ലാർ പട്ടം കോളനി നിവാസികൾക്ക് പട്ടയം കൊടുക്കാനുള്ള വല്ല നടപടിയും എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നേയ്ക്കു പൂർത്തിയാകും ?

ശ്രീ. കെ. ടി. ജേക്കബ്: അവിടെ തീർന്നു. അവിടെ ഇനി കൊടുക്കാനില്ല. ഇനി ഒന്നോ രണ്ടോ കണ്ടേയ്ക്കാം. കൊല്ലം ജില്ലയിലെ കോളനൈസേഷൻ ഭൂമിയിൽ അധിവസിക്കുന്ന ഹരിജനങ്ങളെസംബന്ധിച്ചിടത്തോളം അതു ഒരു വലിയ പ്രശ്നമാണ്. തൃശൂരും എറണാകുളവും ജില്ലകളിൽ വളരെക്കൂടുതലുണ്ട്. അവർക്ക് സ്ഥിരം റൈറ് വേണമെന്നു പറയുന്നു. ഗവൺമെൻറ് ഇഷ്ടംപോലെ കൊടുക്കുന്നതാണ്. യാതൊരു മടിയും ഇക്കാര്യത്തിൽ ഗവൺമെൻറ് കാണിക്കുന്നതല്ല. എല്ലാപേർക്കും കൊടുക്കുന്നതാണ

ശ്രീ. എൻ. கணபதி: ஸர், ஹைரேஞ்சில் கண்ணுடி ஸர்வே ஒன்றும் நடத்தாமல் ப்ரவிஷனலாக பட்டா கொடுத்து பாமர ஏழைகளை ஏமாற்றுவதற்காகவா ?

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ടി. ജേക്കബ്: മലംപ്രദേശത്തുണ്ടെങ്കിലും അല്ലെങ്കിലും ഈ സർവ്വേ കഴിഞ്ഞതിനുശേഷമാണ് അപ്രകാരം പട്ട കൊടുത്തിട്ടുള്ളത്. അതല്ലാതെ ആർക്കും കൊടുത്തിട്ടില്ല. എല്ലാ പാർട്ടികൾക്കും പ്രാതിനിധ്യവും മാർക്സിസ്റ്റ് പാർട്ടിക്ക് നല്ല പ്രാതിനിധ്യവുമുള്ള ഭൂവിതരണക്കമ്മറ്റി അംഗീകാരം കൊടുക്കുന്നവർക്കു മാത്രമേ ഇതു കൊടുക്കുകയുള്ളു എന്നുള്ളതാണ് ഒന്നാമതായി മനസ്സിലാക്കേണ്ടത്.

[ശ്രീ. വി. കുട്ടിക്കൃഷ്ണൻ നായർ: എക്സ് സർവ്വീസ്മാൻമാരും മറ്റു പട്ടാളക്കാരും താമസിക്കുന്ന കാളനികളിൽ എത്രപേർക്കു പട്ടകൊടുത്തു, അവരുടെ കണക്കുംകൂടി ഇതിൽ ഉൾപ്പെടുമോ ?

[ശ്രീ. കെ. ടി. ജേക്കബ്: നമ്മുടെ സംസ്ഥാനത്തിൽ എക്സ് സർവ്വീസ് മെൻ കാളനികൾ പലതുമുണ്ട്. ഏറ്റവും പ്രധാനപ്പെട്ടത് അമ്പലവയലാണ്. അവിടെയുള്ള കാളനിക്കാർ അതു കിട്ടണമെന്ന് വളരെക്കാലമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയായിരുന്നു. അവർക്ക് അതു കൊടുത്തുകഴിഞ്ഞിരിക്കുന്നു. ഏതാണ്ട് മൂവായിരത്തോളം ആളുകൾക്ക് മിക്കവാറും അതു കൊടുത്തുകഴിഞ്ഞിരിക്കണം ഈ ദിവസത്തിനകമെന്നാണ് ഞാൻ വിചാരിക്കുന്നത്.

[ശ്രീ. എം. കെ. എ. ഹമീദ്: subject to demarcation and survey എന്ന് എഴുതിയിട്ടാണ് ഈ സ്ഥിരം പട്ടയം നൽകുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അങ്ങനെയാണെങ്കിൽ ഈ പട്ടയ്ക്കു സ്ഥിരം സ്വഭാവമില്ല. അപ്പോഴും സ്വയം ലഹരി ഉൾക്കൊള്ളാനും പ്രചരണം നടത്താനും മാത്രമേ ബഹുമാനപ്പെട്ട മന്ത്രിയുടെ ഈ സ്ഥിരം പട്ടയം ഉപകരിക്കുകയുള്ളു.

മി. സ്പീക്കർ: അത് മെമ്പറുടെ അഭിപ്രായമല്ലേ ?

[ശ്രീ. ടി. എ. മജീദ്: അദ്ദേഹത്തിന്റെ അനുവാദം വച്ചുകൊണ്ട് അദ്ദേഹത്തിന് ഒരു ചോദ്യം ചോദിച്ചുകൂടെ ?

(പ്രതിപക്ഷത്തെ പലമെമ്പറൻമാരും എഴുന്നേറ്റുനിന്ന് എന്തോ വിളിച്ചു പറഞ്ഞു)

മി. സ്പീക്കർ: ആർഡർ, ആർഡർ. ഈ ചോദ്യത്തിന് വളരെ സമയം അനുവദിച്ചു. അതുകൊണ്ട് അടുത്ത ചോദ്യത്തിലേയ്ക്കു കടക്കുകയാണ്.

കാർഷിക കോളേജ് വിദ്യാർത്ഥികൾ

* 74 [294] [ശ്രീ. സി. കെ. ബാലകൃഷ്ണൻ:

,, എ. പി. കുര്യൻ:

,, എം. സദാശിവൻ:

,, ഈ. വി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും കൃഷിയും മന്ത്രി സദയം മറുപടി നൽകുമോ :

(എ) പരീക്ഷയിൽ പരാജയപ്പെട്ട ഏതാനും കാർഷികകോളേജ് വിദ്യാർത്ഥികളെ ജയിപ്പിക്കുന്നതിനുവേണ്ടി ഏതെങ്കിലും അവിഹിതശ്രമം നടത്തിയിട്ടുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ അതേക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly